# യൂണിറ്റ് : 10

# ജനാധിപത്യം

1. പുരാതന ഗ്രീസിൽ നിലനിന്നിരുന്ന ജനാധിപത്യ സമ്പ്രദായത്തിന്റെ സവിശേഷതകൾ എന്തൊക്കെയായിരുന്നു? 2 സ്കോർ

---

2. ജനാധിപത്യത്തിന്റെ വകഭേദങ്ങളായ പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും താരതമ്യം ചെയ്ത് രണ്ട് വ്യത്യാസങ്ങൾ എഴുതുക? 2 സ്കോർ

---

3. ഇന്ത്യ ഒരു പരോക്ഷ ജനാധിപത്യ രാജ്യമാണ്. പ്രസ്താവന പരിശോധിച്ച് പരോക്ഷ ജനാധിപത്യത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ കണ്ടെത്തുക? 2 സ്കോർ

---

4. എല്ലാവരെയും തുല്യരായി പരിഗണിക്കുന്നുവെന്നത് ജനാധിപത്യത്തിന്റെ മേന്മയാണ്. മറ്റെന്തെല്ലാം മേന്മകളാണ് ജനാധിപത്യത്തിനുള്ളത്. ഏതെങ്കിലും മൂന്നെണ്ണം എഴുതുക? 3 സ്കോർ

---

5. ചുവടെ നൽകിയവ പരിശോധിച്ച് പരോക്ഷ ജനാധിപത്യത്തിന്റെ സവിശേഷതകൾ കണ്ടെത്തി എഴുതുക? 3 സ്കോർ

---

6. ജനാധിപത്യത്തിന്റെ മുന്നൊരുക്കങ്ങളിൽ ഒന്നാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. രാഷ്ട്രീയ സ്വാതന്ത്ര്യം പൗരന് നൽകുന്ന അവകാശങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക? 4 സ്കോർ

---

7. ജനാധിപത്യവ്യവസ്ഥക്ക് നിരവധി പോരായ്മകളുണ്ട്. നമ്മുടെ രാജ്യത്തെ ജനാധിപത്യ രീതിയെ അനുഭവമാക്കി ഏതെങ്കിലും 2 പോരായ്മകൾ കണ്ടെത്തുക. അവയ്ക്കുള്ള പരിഹാരങ്ങളും നിർദ്ദേശിക്കുക? 4 സ്കോർ

---

8. ജനാധിപത്യത്തിന്റെ മുന്നൊരുക്കങ്ങളിൽ പ്രധാനമാണ് രാഷ്ട്രീയ സ്വാതന്ത്ര്യവും സ്വതന്ത്ര മാധ്യമങ്ങളും. ജനാധിപത്യത്തിന്റെ ശാക്തീകരണത്തിൽ ഇവയുടെ പ്രാധാന്യമെന്തെന്ന് പരിശോധിക്കുക?

   4 സ്കോർ

---

9. ജനാധിപത്യഭരണ ക്രമത്തെ ശക്തിപ്പെടുത്തുന്നതിൽ അധികാര വികേന്ദ്രീകരണത്തിനുള്ള പങ്കിനെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക? 3 സ്കോർ

---

10. ജനാധിപത്യഭരണ സംവിധാനത്തിൽ രാഷ്ട്രീയ പാർട്ടികൾ നിർവ്വഹിക്കേണ്ട ഏതെങ്കിലും രണ്ട് ചുമതലകളെഴുതുക? 2 സ്കോർ

---

11. അഴിമതി, സ്വജനപക്ഷപാതം തുടങ്ങിയവ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്നവയാണ്. ഇത് പരിഹരിക്കുന്നതിന് പ്രത്യക്ഷ ജനാധിപത്യമാർഗ്ഗങ്ങളായ ഹിതപരിശോധന, തിരിച്ച് വിളിക്കൽ എന്നിവ പ്രയോജനപ്പെടുമോ? പരിശോധിക്കുക? 2 സ്കോർ

---

12. ജനാധിപത്യം ജീവിതരീതിയായി പിന്തുടരേണ്ട ഏതെങ്കിലും രണ്ട് സാഹചര്യങ്ങൾ വിശകലനം ചെയ്ത് എഴുതുക? 2 സ്കോർ

---

13. 'ഭീകരവാദം ലോകം നേരിടുന്ന പ്രധാന വെല്ലുവിളി' - പ്രധാനമന്ത്രി
    'നിരക്ഷരത രാജ്യത്തിന്റെ ശാപം' - വാർത്ത
    മുകളിൽ നൽകിയിട്ടുള്ള വാർത്താതലക്കെട്ടുകൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ സൂചിപ്പിക്കുന്നവയാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സെമിനാറിന് വേണ്ട അഞ്ച് ആശയങ്ങളെക്കുറിച്ച് ലഘു വിവരണം തയാറാക്കുക?

    5 സ്കോർ

---

14. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് പ്രക്രിയയെ സഹായിക്കുന്ന ഘടകങ്ങൾ കണ്ടെത്തി എഴുതുക? 2 സ്കോർ

---

15. അഴിമതി ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകുന്നുണ്ടോ? ഇന്ത്യയിൽ നടക്കുന്ന പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ നിങ്ങളുടെ നിഗമനങ്ങളെഴുതുക? 3 സ്കോർ

---

16.




ഇന്ത്യൻ ജനാധിപത്യത്തിനെതിരെയുള്ള ശക്തമായ ഒരു വെല്ലുവിളിയാണ് തീവ്രവാദം. മറ്റു വെല്ലുവിളികൾ എതൊക്കെ? മൂന്ന് വെല്ലുവിളികളും അവയ്ക്കുള്ള പ്രതിവിധികളും എഴുതുക? 3 സ്കോർ

---

17. സ്വിറ്റ്സർലന്റിൽ നിയമ നിർമാണ സഭ പാസാക്കിയ നിയമം അംഗീകരിക്കാനോ നിരാകരിക്കാനോ ജനങ്ങൾക്ക് അവകാശമുണ്ട്.

1. പ്രത്യക്ഷ ജനാധിപത്യത്തിലെ ഏതു മാർഗ്ഗമാണ് ഈ അവകാശം ജനങ്ങൾക്കു നൽകുന്നത്?
2. ഈ മാർഗ്ഗം ഇന്ത്യയിൽ നടപ്പിലാക്കാൻ വെല്ലുവിളിയാകുന്ന രണ്ട് ഘടകങ്ങൾ എഴുതുക?

3 സ്കോർ

---

18. ജനാധിപത്യത്തിന്റെ 4 മേന്മകളെ ഇന്ത്യയുടെ സാഹചര്യവുമായി ബന്ധപ്പെടുത്തി വിവരിക്കുക?

4 സ്കോർ

---

19. ജനാധിപത്യത്തിന്റെ വ്യത്യസ്തതലങ്ങളുമായി ബന്ധപ്പെട്ട പട്ടിക ബോക്സിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂർത്തിയാക്കുക?

| രാഷ്ട്രീയതലം | സാമൂഹ്യതലം | സാമ്പത്തിക തലം |
|---|---|---|
| സാഹോദര്യം | ............................................ | ............................................ |
| ............................................ | ............................................ | സമ്പത്തിന്റെ നിയന്ത്രണം |
| ............................................ | അവസരസമത്വം | ............................................ |

സ്വാതന്ത്ര്യം, അടിസ്ഥാനസൗകര്യങ്ങൾ
സമ്പത്തിന്റെ വിനിയോഗം, തുല്യപരിഗണന
വിതരണത്തിലും ഉപയോഗത്തിലും തുല്യത, വിവേചനരാഹിത്യം

3 സ്കോർ

---

20. പ്രത്യക്ഷ ജനാധിപത്യം പരോക്ഷജനാധിപത്യത്തിലേക്ക് വഴിമാറാൻ ഇടയാക്കിയ രണ്ട് ഘടകങ്ങൾ വിശകലനം ചെയ്യുക? 2 സ്കോർ

---

21. പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക? 4 സ്കോർ

---

22. ജനാധിപത്യത്തിന്റെ മൂന്നൊരുക്കങ്ങളിൽ ഒന്നാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. രാഷ്ട്രീയ സ്വാതന്ത്ര്യം പൗരനു നൽകുന്ന അവകാശങ്ങളെക്കുറിച്ചു കുറിപ്പു തയാറാക്കുക? 4 സ്കോർ

---